## ചീഫ് സെക്രട്ടറിക്കെതിരായി ശ്രീ. വി.എസ്. സുനിൽകുമാർ ഉന്നയിച്ച ആരോപണത്തിനുള്ള മറുപടി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്നത്തെ ധനകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. വി. എസ്. സുനിൽ കുമാർ ചീഫ് സെക്രട്ടറിക്കെതിരായി ഇവിടെ ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. അതു സംബന്ധിച്ചുള്ള എല്ലാ രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആ ആരോപണം അടിസ്ഥാനരഹിതമാണ്. അദ്ദേഹം പറഞ്ഞ ഒന്നാമത്തെ കാര്യം, ചീഫ് സെക്രട്ടറി സ്വത്ത് വിവരങ്ങൾ കൊടുത്തതിനകത്ത് അദ്ദേഹത്തിന്റെ ഭാര്യ രഞ്ചനയുടെ പേരിലുള്ള സ്വത്തുക്കളൊന്നും ഉൾപ്പെടുത്തിയിട്ടില്ലായെന്നുള്ളതാണ്. ഈ രണ്ട് പ്ലോട്ടും അവർ ആരിൽ നിന്നും വിലയ്ക്ക് വാങ്ങിയതല്ല. കുടുംബ സ്വത്തിന്റെ ഭാഗമായി മാതാവിന്റെ ആധാരപ്രകാരം തലമുറകളായി വച്ചുകൊണ്ടിരുന്ന പ്ലോട്ട് അവർക്ക് കിട്ടിയിട്ടുള്ളതാണ്. കുടുംബ സ്വത്തായി കിട്ടുന്ന വിവരങ്ങൾ അറിയിക്കേണ്ടതില്ല. അതുകൊണ്ടാണ് അറിയിക്കാതിരുന്നത്. രണ്ടാമത്തേത്, ഫെയർവാല്യൂ കുറച്ച് കാണിച്ചുകൊണ്ട് ഗവൺമെന്റിന് നഷ്ടം വരുത്തിയെന്നുള്ളതാണ്. ഞങ്ങൾ അതിന്റെ രേഖകളെല്ലാം പരിശോധിച്ചു, അതിന്റെ മാപ്പും എന്റെ കയ്യിലുണ്ട്. മെയിൻ റോഡ് സൈഡിലുള്ള പ്ലോട്ടുകൾക്കെല്ലാം 24,70,000 രൂപയാണ് വിലയിട്ടിരിക്കുന്നത്. റോഡിൽ നിന്നും അകത്തേയ്ക്ക് കയറിയിട്ടുള്ള ഇവരുടെ തന്നെ ഒരു പ്ലോട്ടിന് 12,35,000 രൂപയാണ് വിലയുള്ളത്. അതിന് ചുറ്റുമുള്ള എല്ലാ പ്ലോട്ടുകൾക്കും 12,35,000 രൂപയാണ് വില. ഈ ഒരു പ്ലോട്ടിന് മാത്രം 24,70,000 രൂപയാണ് വിലയിട്ടത്. മെയിൻ റോഡ് സൈഡിലെ അതേ വിലയാണ് ഈ പ്ലോട്ടിന് കൊടുത്തിരിക്കുന്നത്. ഇക്കാര്യം പരിശോധിച്ച് തീരുമാനം എടുക്ക

ണമെന്ന് പറഞ്ഞുകൊണ്ട് 21.04.2014-ന് അപേക്ഷ കൊടുത്തു. ഒരുമാസം കഴിഞ്ഞ് 24.05.2014-ന് ആ അപേക്ഷയിൻമേൽ ഡെപ്യൂട്ടി കളക്ടർ ഒരു ഹിയറിംഗ് വച്ചു. ഹിയറിംഗിൽ മാപ് വച്ച് നോക്കിയതിൽ ഇതിനകത്ത് പിശക് പറ്റിയെന്ന് മനസ്സിലാക്കി, തൊട്ടടുത്ത് കിടക്കുന്ന ഇവരുടെ പ്ലോട്ടിനുള്ള അതേ വിലയായ 12,35,000 രൂപ വച്ച് കൊടുക്കുകയും ചെയ്തു. മെയിൻ റോഡ് സൈഡിലുള്ള പ്ലോട്ടുകൾക്കാണ് 24,00,000 അധികം രൂപ വരുന്നത്. ഈ പ്ലോട്ടെന്ന് പറയുന്നത് ഇതിന്റെ നടുക്ക് കിടക്കുന്നതാണ്. അതുകൊണ്ട് തികച്ചും ന്യായമാണെന്ന് കണ്ടതുകൊണ്ടാണ് അവിടെ ഈ മാറ്റം വരുത്തിയത്. ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞ മറ്റൊരു കാര്യം, ഈ ഉത്തരവിനകത്ത് ഇവർക്കുമാത്രമേ ബാധകമാവുകയുള്ളൂവെന്നും വേറെ ആർക്കും ബാധകമാകില്ലായെന്നും എഴുതിയിരിക്കുന്നത് ചീഫ് സെക്രട്ടറിയുടെ ഭാര്യ ആയതുകൊണ്ടാണെന്ന രീതിയിൽ പറഞ്ഞു. അത് അവർ സാധാരണ കൊടുക്കുന്ന സിസ്റ്റമാണ്. ഞാൻ മറ്റൊരു നോട്ടിന്റെ കോപ്പി എടുത്തു നോക്കി. ശ്രീ. നൗഷാദ് സമർപ്പിച്ച അപ്പീൽ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നതിൽ എഴുതിയിരിക്കുന്നത്, ഈ ഉത്തരവ് പ്രകാരമുള്ള ന്യായവില തൃശ്ശൂർ വില്ലേജിലെ സർവ്വേ നം.1340/1-ൽ ഉൾപ്പെട്ടതായ മറ്റ് ഭൂമിക്കോ സമീപ ഭൂമിക്കോ യാതൊരു കാരണവശാലും ബാധകമായിരിക്കുന്നതല്ല. അപേക്ഷ വസ്തു ഒഴികെയുള്ള ഭൂമിക്ക് നിലവിലുള്ള ന്യായവില തന്നെ നിലനിൽക്കുന്നതാണ്. ഇത് അവരുടെ സാധാരണ രീതിയിലുള്ള വാചകമാണ്. എവിടെ അപ്പീൽ അനുവദിച്ചാലും അതിനനുസരണമായി ചേർക്കുന്നതാണ്. അല്ലാതെ ചീഫ് സെക്രട്ടറിയുടെ ഭാര്യയായതുകൊണ്ട് പ്രത്യേകമായി അനുമതി കൊടുത്തതല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞ വിഷയം തൃശ്ശൂർ വിജിലൻസ് കോടതിയിൽ പരിഗണിച്ചപ്പോൾ പ്രഥമദൃഷ്ട്യാ കേസ്സുണ്ടെന്ന് കണ്ടുകൊണ്ട് അത് അന്വേഷിക്കാൻ വേണ്ടി ഉത്തരവിട്ടിരിക്കുകയാണ്. അങ്ങും ഈ നിയമസഭയിലുള്ള മെമ്പർമാരുമെല്ലാം പരമ്പരാഗതമായി കിട്ടി കൊണ്ടിരിക്കുന്ന സ്വത്ത് വിവരവും അതിന്റെ വാല്യൂവേഷനുമെല്ലാം വെളി പ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇതെല്ലാം വ്യക്തമായി കോളത്തിൽ പറയു ന്നുണ്ട്. അത് ചീഫ് സെക്രട്ടറിക്ക് ബാധകമല്ലായെന്ന് അങ്ങ് പറയുന്നത് നിയ മവിരുദ്ധമാണ്. കാരണം നമുക്ക് പരമ്പരാഗതമായി അച്ഛന്റെയോ അമ്മയു ടെയോ ആർജ്ജിച്ച സ്വത്ത് നമ്മുടെ കൈവശം ഗിഫ്റ്റായോ അല്ലാതെയോ കിട്ടിക്കഴിഞ്ഞാൽ അതിന്റെ വാല്യൂവേഷനുശേഷം അത് നമ്മുടെ സ്വത്തായി കഴിഞ്ഞാൽ അതിൽ ഉൾപ്പെടുത്താൻ നമ്മൾ ബാധ്യസ്ഥരാണ്. ഞാൻ പറ ഞ്ഞത് തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല. സാധാരണ ഇവിടെയുള്ള എം.എൽ.എ.മാർ എല്ലാം ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. മറ്റൊരു കാര്യം ഇതേ കളക്ടറേറ്റിൽ ഇതിന് സമാനമായ വളരെ ജനുവിനായിട്ടുള്ള നൂറുകണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുമ്പോഴാണ് ഈ അപേക്ഷ പ്രത്യേ കമായി പരിഗണിച്ചുകൊണ്ട് അവർക്കിത് കൊടുത്തിരിക്കുന്നത്. മാത്രമല്ല അവരുടെ വക്കീൽ പറഞ്ഞിരിക്കുന്ന കാര്യം 1619, 1609 എന്നീ സർവ്വേ നമ്പരു കളുള്ള ഭൂമിക്ക് ഹെക്ടറിന് ആറിന് 12,35,000 രൂപയാണെന്ന് അദ്ദേഹം പറ ഞ്ഞിരിക്കുന്നത്. അതിന് അനുകൂലമായി മൊഴി വില്ലേജ് ഓഫീസർ കൊടു ക്കുകയാണ്. അതേസമയത്ത് അതേ സർവ്വേ നമ്പരിൽപ്പെട്ട മറ്റ് ഭൂമികൾക്ക് ഇത് ബാധകമല്ലായെന്ന് പറയുന്നുണ്ട്. രണ്ട് സർവ്വേ നമ്പരിൽപ്പെട്ട ഭൂമിക്ക് ഇതേ വിലയായതുകൊണ്ട് ഈ വിലയ്ക്ക് ഭൂമി ഇവർക്ക് കൊടുക്കാമെന്നും

അതേ സർവ്വേ നമ്പരിലുള്ള ഭൂമിക്ക് ഇത് ബാധകമല്ലായെന്ന് പറയുന്നത് സത്യത്തിൽ അധികാര ദുർവിനിയോഗംതന്നെയാണ്. ചീഫ് സെക്രട്ടറിയായി കഴിഞ്ഞാൽ, ഇതുപോലുള്ള എല്ലാ ആനുകൂല്യങ്ങളും കിട്ടുമെന്ന് പറഞ്ഞാൽ അധികാര ദുർവിനിയോഗമാണ്. ഇതുപോലെ നിരവധി ആളുകൾക്ക് കിട്ടാത്ത ആനുകൂല്യം ചീഫ് സെക്രട്ടറിയുടെ ഭാര്യക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ അത് അധികാര ദുർവിനിയോഗമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്ക് എല്ലാ കാര്യങ്ങളെ സംബന്ധിച്ചും വ്യക്തമായ ഗൈഡ്‌ലൈൻസുണ്ട്. അതനുസരിച്ചാണ് അവർ സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ അവരുടെ കുടുംബപരമായി കിട്ടിയത് കൊടുക്കാതിരുന്നത്. ചീഫ് സെക്രട്ടറിയുടെ ഭാര്യക്ക് അവരുടെ കുടുംബപരമായി കിട്ടിയ സ്വത്തല്ലായെന്നുള്ള വാദം ശ്രീ. വി. എസ്. സുനിൽ കുമാറിന് ഉണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: ഇല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങനെയാണെങ്കിൽ കുടുംബപരമായി കിട്ടിയതല്ലായെന്നുള്ള വാദമില്ലെങ്കിൽ പ്രശ്നം തീർന്നു. ആ സ്വത്ത് കുടുംബപരമായി കിട്ടിയതാണ്. പിന്നെ ചേർക്കാതിരുന്നത് ശരിയോ തെറ്റോയെന്ന വാദം മാത്രമല്ലേയുള്ളൂ. അത് അവരുടെ ഗൈഡ്‌ലൈൻ അനുസരിച്ച് കൊടുക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ട് കൊടുത്തിട്ടില്ല. അതുകഴിഞ്ഞ് അങ്ങ് പറഞ്ഞു, ചീഫ് സെക്രട്ടറിയുടെ ഭാര്യ ആയതുകൊണ്ടാണ് ഇത് കിട്ടിയതെന്ന് പറഞ്ഞു. അപേക്ഷ കൊടുത്തു ഒരുമാസം കഴിഞ്ഞാണ് ഹിയറിംഗ് ഡേറ്റ് വച്ചത്. ചീഫ് സെക്രട്ടറിക്കും സാധാരണ പൗരന് കിട്ടേണ്ട അവകാശമില്ലേ; അത് നിഷേധിക്കണമോ; ചീഫ് സെക്രട്ടറിയായതുകൊണ്ട് കൊടുക്കാതിരിക്കണമോ? കെട്ടിടത്തിന്റെ മാപ് വളരെ വ്യക്തമായിട്ടുണ്ട്. ഇത് അങ്ങയെ ഞാൻ കാണിച്ചുതരാം.

ആ മാപ് കണ്ടാൽ തന്നെ മനസ്സിലാകും ഒരു തെറ്റ് തിരുത്താൻ വേണ്ടി തന്നിട്ടുള്ള സംഗതിയാണ്. ഗവൺമെന്റ് പുതുതായി കൊണ്ടുവന്ന അമന്റ്മെന്റാണ്. ഡെവലപ്പ്മെന്റ് എഗ്രിമെന്റ് വയ്ക്കുമ്പോൾ ന്യായവിലയുടെ അടിസ്ഥാനത്തിൽ തന്നെ രൂപ അടയ്ക്കണം. ചീഫ് സെക്രട്ടറിയുടെ ഭാര്യ ഡെവലപ്പ്മെന്റ് എഗ്രിമെന്റുണ്ടാക്കി അതിന്റെപേരിൽ 16 ലക്ഷം രൂപ ഗവൺമെന്റിലേയ്ക്ക് അടച്ചു. ഗവൺമെന്റ് പുതുതായി കൊണ്ടുവന്ന ഡെവല പ്പ്മെന്റ് എഗ്രിമെന്റിന്, മുഴുവൻ തുകയും സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും അടയയ്ക്കണമെന്ന് കൊണ്ടുവന്നിട്ട് ആദ്യമായി അത് ചെയ്ത ആളാണ് ചീഫ് സെക്രട്ടറിയുടെ ഭാര്യ. അങ്ങനെ നിയമാനുസൃതം ഗവൺമെന്റിലേയ്ക്ക് അടയ്ക്കേണ്ട ടാക്സ് അടച്ച ചീഫ് സെക്രട്ടറിയുടെ ഭാര്യക്കെതിരെ ഇതുപോലുള്ള ആക്ഷേപം കൊണ്ടുവന്നത് ശരിയായില്ല. നിർഭാഗ്യകരമായിപ്പോയിയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ ചീഫ് സെക്രട്ടറിയോടുള്ള ആരോപ ണത്തിൽ പങ്കെടുക്കുകയോ നിരാകരണത്തിനോ ഒന്നും പങ്കെടുക്കുന്നില്ല. ഞാൻ എം.എൽ.എ. എന്നുള്ള നിലയിൽ ഇവിടെയിരിക്കുന്ന മറ്റ് പലരേയും പോലെ കഴിഞ്ഞ 13 വർഷമായി inheritance from whom എന്ന കോളത്തിൽ എനിക്ക് കുടുംബ സ്വത്തായ ഏഴ് സെന്റ് നിലവും ഇരുപത് സെന്റ് പുരയിട വുമല്ലാതെ വേറെയൊന്നും എനിക്കില്ലായെന്ന് ഞാൻ കാണിച്ചുകൊണ്ടിരിക്കു കയാണ്. എനിക്ക് വേറെ സ്വത്തില്ലാത്തതുകൊണ്ട് സ്വത്തില്ലായെന്ന് എഴു താൻ പറ്റുമോ? കുടുംബസ്വത്ത് കാണിക്കണ്ടായെന്നുള്ളത് അങ്ങ് ശരിക്കും നോക്കിയിട്ടാണോ പറയുന്നത്. അക്കാര്യം വ്യക്തമാക്കണം. ഞാൻ ആരോപ ണമല്ല പറയുന്നത്. മുഖ്യമന്ത്രിയായതുകൊണ്ടാണ് പറയുന്നത്, കുടുംബ

സ്വത്താണെങ്കിൽ കാണിക്കണ്ടേ. കുടുംബ സ്വത്തില്ലെങ്കിൽ ഞങ്ങൾക്ക് സ്വത്തില്ലായെന്ന് പറഞ്ഞ് എഴുതി കൊടുക്കാൻ സാധിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നമുക്ക് അക്കാര്യങ്ങൾ രേഖപ്പെടുത്താൻ വേണ്ടി ഒരു കോളമുണ്ട്. അവർക്ക് രേഖപ്പെടുത്താൻ കോളമില്ല. പിന്നെ എന്ത് ചെയ്യാൻ സാധിക്കും. പക്ഷേ ഞാൻ ഒരു ചോദ്യം ചോദിച്ചു, ഈ വസ്തു അവർക്ക് കുടുംബപരമായി കിട്ടിയതാണോയെന്ന് പറയുന്നത് ശരിയോ തെറ്റോ; അക്കാര്യത്തിൽ ശരിയെന്ന് സമ്മതിക്കുകയും ചെയ്തു. അതുമതി.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഇതിൽ അദ്ദേഹം കോളമില്ലായെന്ന് പറഞ്ഞു. ശ്രീ. ഭരത് ഭൂഷൺ കൊടുത്തിരിക്കുന്ന സ്റ്റേറ്റ്മെന്റിൽ ആറാമത്തെ കോളത്തിൽ, how acquired whether lease/mortgage/ inheritance/gift or otherwise with date of acquisition and name with details; person from whom acquired. ഇതിനകത്ത് ഇൻഹെറിറ്റൻസ്സുണ്ടോയെന്ന് ചോദിച്ചുകൊണ്ടുള്ള വ്യക്തമായ കോളമുണ്ടായിരിക്കേ അദ്ദേഹം ഇൻഹെറിറ്റൻസ് വഴി ആർജ്ജിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിലുള്ള സ്വത്ത് വെളിപ്പെടുത്താതിരുന്നത് തെറ്റാണെന്ന നിയമത്തെ മറച്ചുവച്ചുകൊണ്ട് അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. മാത്രമല്ല, അങ്ങനെ ആർജ്ജിച്ചിരിക്കുന്ന സ്വത്തിൽ നിന്ന് അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയും വരുമാനം ഉണ്ടാക്കുന്നുണ്ടെങ്കിൽ എന്ത് വരുമാനം ഉണ്ടാക്കുന്നുവെന്ന കാര്യംകൂടി പറയാൻ ബാധ്യതപ്പെട്ടിരിക്കെ അദ്ദേഹം മറച്ചുവച്ചത് ശരിയായില്ല. അങ്ങേയ്ക്ക് ഒരു പാട് *****[*] ഉണ്ടല്ലോ, എന്തിനാണ് ഈ ******** ഇത് ശരിയല്ല. ഇത്

[*] പിൻവലിച്ചു.

അനുവദിക്കുന്നത് ശരിയല്ല. മുഖ്യമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇതിനകത്ത് ഒരു വസ്തു ആരിൽ നിന്ന് കിട്ടിയതാണെന്ന് രേഖപ്പെടുത്തണമെന്നുള്ളത് ഇൻഹെറിറ്റഡ് പ്രോപ്പർട്ടി രേഖപ്പെടുത്തണമെന്നുള്ളതല്ല. ഒരു വസ്തുവിന്റെ കാര്യം പറഞ്ഞാൽ അത് എവിടെ നിന്ന് മേടിച്ചു, ആരിൽ നിന്ന് മേടിച്ചു എന്ന് കാണിക്കാനാണ് പ്രത്യേകമായ കോളം. അതല്ലാതെ പരമ്പരാഗതമായി ആർജ്ജിച്ചത് കാണിക്കാനുള്ള കോളമല്ലായിത്. ഇത് കുരിശല്ല.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽകുമാർ, അങ്ങ് ഇവിടെ അവതരിപ്പിച്ചകാര്യത്തെ സംബന്ധിച്ച് മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞു. അതിനിടയിൽ ആവേശം കിട്ടുന്നതിനുവേണ്ടി ഒരുപാട് *****[*] മുഖ്യമന്ത്രിക്ക് ഉണ്ടെന്ന് പറയുന്നത് നമ്മൾ ഒഴിവാക്കേണ്ട പ്രയോഗങ്ങളാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ അത് പിൻവലിച്ചു.

[*] പിൻവലിച്ചു.